# പതിനാലാം കേരള നിയമസഭ
## അഞ്ചാം സമ്മേളനം

നക്ഷത്ര ചിഹ്നമിട്ട ചോദ്യം നമ്പർ : 136 — 02-05-2017 ൽ മറുപടിയ്ക്ക്

# കേരള മാരിടൈം ബോർഡ്

| ചോദ്യം | | മറുപടി |
|---|---|---|
| ശ്രീ ജി.എസ്.ജയലാൽ<br>ശ്രീ ചിറ്റയം ഗോപകുമാർ<br>ശ്രീ ഇ.ടി.ടൈസൺ മാസ്റ്റർ<br>ശ്രീ കെ.രാജൻ | : | ശ്രീ. രാമചന്ദ്രൻ കടന്നപ്പള്ളി<br>( തുറമുഖവും മ്യൂസിയവും പുരാവസ്തു സംരക്ഷണവും വകുപ്പ മന്ത്രി) |

| | ചോദ്യം | | മറുപടി |
|---|---|---|---|
| (എ) | കേരള മാരിടൈം ബോർഡ് പ്രവർത്തനമാരംഭിച്ചിട്ടുണ്ടോ ; ഇല്ലെങ്കിൽ കാരണം വ്യക്തമാക്കുമോ; ; | (എ) | കേരള മാരിടൈം ബോർഡ് പ്രവർത്തനം ആരംഭിച്ചിട്ടില്ല. 2014 ലെ കേരള മാരിടൈം ബോർഡ് ബിൽ നിയമസഭ പാസ്സാക്കിയത് ബഹു. രാഷ്ട്രപതിയുടെ അംഗീകാരത്തിനായി സമർപ്പിച്ചപ്പോൾ പ്രസ്തുത ബിൽ ചില മാറ്റങ്ങളോടുകൂടി വീണ്ടും നിയമസഭ പരിഗണിക്കണമെന്ന നിർദ്ദേശത്തോടെ തിരിച്ചയച്ചിരിക്കുകയാണ് . |
| (ബി) | മാരിടൈം ബോർഡിന്റെ ഉദ്ദേശ്യ ലക്ഷ്യങ്ങൾ എന്തൊക്കെയാണെന്ന് അറിയിക്കുമോ ; | (ബി) | ചെറുകിട തുറമുഖങ്ങളുടെ നിർമ്മാണ പ്രവർത്തനങ്ങൾ, അതിന്റെ പരിപാലനവും, പരിരക്ഷയും കൂടാതെ 1908 ലെ ഇന്ത്യൻ പോർട്ട്സ് ആക്റ്റ് (1908 ലെ 15- ാം കേന്ദ്ര ആക്റ്റ്) പ്രകാരം സംസ്ഥാന സർക്കാരിന്റെ നിയമപരമായ ചുമതലകൾ, തുറമുഖങ്ങളുടെ വാണിജ്യപരവും നിയമപരവുമായ ചുമതലകൾ നിർവ്വഹിക്കൽ, വിവിധതരത്തിലുള്ള ജലവാഹനങ്ങളിലെ ജീവനക്കാരുടെ യോഗ്യത നിർണ്ണയിച്ച് പരിശീലനവും സർട്ടിഫിക്കറ്റും നൽകൽ എന്നിവയാണ് മാരിടൈം ബോർഡിന്റെ പ്രധാന ഉദ്ദേശ ലക്ഷ്യങ്ങൾ . |
| (സി) | ചെറുകിട തുറമുഖങ്ങളുടെ ഭരണ നിയന്ത്രണത്തിൽ ഗുണപരമായ എന്ത് മാറ്റമാണ് മാരിടൈം ബോർഡ് രൂപവത്കരണത്തിലൂടെ സാധ്യമാകുന്നതെന്ന് വിശദമാക്കുമോ ? | (സി) | മാരിടൈം മേഖലയിലെ വിവിധ പദ്ധതികളുടെ ഫലപ്രദമായ നടത്തിപ്പിനും ഫലപ്രദമായ തീരദേശ സംരക്ഷണ സംവിധാനം ഉറപ്പാക്കുന്നതിനും മാരിടൈം ബോർഡിന്റെ രൂപീകരണം അത്യാവശ്യമാണ്. സംസ്ഥാന തീരദേശ സുരക്ഷ ഉൾപ്പെടെയുള്ള എല്ലാ തുറമുഖ പ്രവർത്തനങ്ങളും ഒരു ഏജൻസിയുടെ കീഴിൽ ഏകോപിപ്പിക്കുവാൻ മാരിടൈം ബോർഡ് രൂപീകരണത്തോടെ സാധിക്കുമെന്നതിനാൽ ടി മേഖലയിലെ പ്രവർത്തനങ്ങൾ വേഗത്തിലാക്കാൻ സാധിക്കുന്നതാണ്. |

സെക്ഷൻ ഓഫീസർ